**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

ഫോൺ 2369007, 2369196
2369143, 2369149
2369197, 2369069
ഫാക്സ് 91484–2369023

കോർപ്പറേഷൻ ഓഫീസ്
പി.ബി നമ്പർ 1016
എറണാകുളം, കൊച്ചി 682 011

No. MOR4/33906/16 തീയതി: 07.11.2018

# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ശ്മശാനം നിയമാവലി

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 567–ാം വകുപ്പിന്റെ 25–ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ താഴെപറയുന്ന നിയമാവലി ഉണ്ടാക്കുന്നു. ആയത്, **1) ചുരുക്കപേരും, പ്രാരംഭവും.**

1. ഈ നിയമാവലിക്ക് 2016–ലെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ശ്മശാന നിയമാവലി എന്ന പേര് പറയാം.
2. ഇത് സർക്കാർ അംഗീകരിച്ച ശേഷം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**II. നിർവ്വചനങ്ങൾ:–** ഈ നിയമാവലിയിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.

**എ) 'ശ്മശാനം'** എന്നാൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്ന ഇടപ്പള്ളി, പച്ചാളം, പുല്ലേപ്പടി, രവിപുരം, വാത്തുരുത്തി, ഫോർട്ടുകൊച്ചി വെളി, കൂവപ്പാടം, പള്ളുരുത്തി, ഇടക്കൊച്ചി എന്നീ ശ്മശാനങ്ങൾ ആകുന്നു.

**ബി) 'നഗരസഭാ കൗൺസിൽ'** എന്നാൽ നഗരസഭയിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി എന്നാകുന്നു.

**സി) 'സെക്രട്ടറി '** എന്നാൽ നഗരസഭാ സെക്രട്ടറി ആകുന്നു.

**ഡി) 'ഇന്ധനം'** എന്നാൽ ശ്മശാനത്തിന്റെ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന വിറക്, ചിരട്ട, തൊണ്ട്, ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്, കാലാകാലങ്ങളിൽ നഗരസഭ കൗൺസിൽ തീരുമാനിക്കുന്ന ഇന്ധനം എന്നിവയാകുന്നു.

**ഇ) 'ശവസംസ്ക്കാരം'** എന്നാൽ നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ശ്മശാനങ്ങളിലെ വിറക്, ചിരട്ട, തൊണ്ട്, ലിക്വിഫൈഡ്, പെട്രോളിയം, ഗ്യാസ് എന്നിവ ഉപയോഗിച്ചുള്ള ശവദാഹമാകുന്നു.

**III. പരിധി:** കൊച്ചി മുനിസിപ്പൽ പരിധിയിൽ സ്ഥിതി ചെയ്യുന്നതും, അതിൽ കൊച്ചി നഗരസഭ പ്രദേശത്തുള്ള നിയമാനുസൃത ശവസസ്ക്കാരങ്ങളും സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതം ചുമതലപ്പെടുത്തുന്ന മൃതദേഹങ്ങളും സംസ്ക്കരിക്കുന്നതാണ്.

**IV. പ്രവർത്തന സമയം:** രാവിലെ ഏഴു മണിമുതൽ വൈകുന്നേരം എട്ട് മണിവരെയായി പ്രവർത്തന സമയം നിജപ്പെടുത്തിയിരിക്കുന്നു. എട്ട് മണിക്കു ശേഷം വരുന്ന കേസുകളിൽ അത്യാവശ്യഘട്ടങ്ങളിൽ ശവസംസ്ക്കാരം

നടത്തുന്നതിന് മേയർ/ഡെപ്യൂട്ടി മേയർ/ഡിവിഷൻ കൗൺസിലർ/നഗരസഭാ സെക്രട്ടറിയുടെ അനുമതി ഹാജരാക്കേണ്ടതാണ്.

**V. ഫീസ്:** മൃതദേഹം ദഹിപ്പിക്കുന്നതിന് ഗ്യാസ് ഫർണസിൽ **3500**/- രൂപയും, വിറക് ഫർണസിൽ **3000**/- രൂപയും ഈടാക്കുന്നതാണ്. ഓരോ പ്രദേശത്തിന്റെയും പ്രാദേശിക സാഹചര്യം പരിഗണിച്ച് കാലാകാലങ്ങളിൽ ഫീസ് നിരക്ക് പുനർനിർണ്ണയം നടത്തുന്നതിന് നഗരസഭ കൗൺസിലിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. യാതൊരു കാരണവശാലും നഗരസഭ കൗൺസിൽ നിശ്ചയിച്ച തുകയിൽ കൂടുതൽ ഫീസ് ഈടാക്കുവാൻ പാടുള്ളതല്ല. ഫീസ് ഈടാക്കുന്നതിന് രസീത് നൽകേണ്ടതാണ്. ഫീസ് ഈടാക്കുന്നതു സംബന്ധിച്ച കണക്കുകൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും, ആയത് കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. യാതൊരു കാരണവശാലും നിശ്ചയിച്ചിട്ടുള്ള തുകയിൽ കൂടുതൽ ഫീസ് ഈടാക്കുവാൻ പാടുള്ളതല്ല.

**VI. നടപടിക്രമങ്ങൾ :**

1) ശവസംസ്ക്കാരമെന്നാൽ നഗരസഭ സ്ഥാപിച്ചിട്ടുള്ള ശ്മശാനങ്ങളിലെ പരമ്പരാഗതരീതിയിൽ ഉള്ള വിറക്, ചിരട്ട, തൊണ്ട് ഉപയോഗിച്ചുകൊണ്ടോ, എൽ.പി.ജി ഉപയോഗിച്ചുകൊണ്ടോ പ്രവർത്തിക്കുന്ന ഫർണസ്സിനകത്തുള്ള ശവദാഹമാകുന്നു. മറ്റ് യാതൊരുവിധത്തിലുള്ള ശവസംസ്ക്കാരവും ശ്മശാനത്തിനകത്ത് അനുവദനീയമല്ലാത്തതാണ്. **10** വയസ്സുവരെ പ്രായമുള്ള കുട്ടികളെ (വയസ്സ് തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ) ടി നിബന്ധനയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

2) ഒന്നിലധികം ശവസംസ്ക്കാരം ഒരേ ദിവസം വരികയാണെങ്കിൽ, ആദ്യ അപേക്ഷ സമർപ്പിക്കുന്നവരുടേത് ആദ്യം എന്ന ക്രമത്തിൽ ശവസംസ്ക്കാരം നടത്തുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അധികാരി അത് ലഭിച്ച ഉടൻ തീയതി, സമയം എന്നിവ അതിൽ രേഖപ്പെടുത്തേണ്ടതാണ്.

3) ശവസംസ്ക്കാരത്തിന് ശേഷം ചിതാഭസ്മവും മറ്റും യഥാസമയം തന്നെ ശേഖരിക്കേണ്ടതാണ്. പിന്നീട് ആയത് ശേഖരിക്കുന്നതിന് സൗകര്യം ലഭ്യമാക്കുന്നതല്ല.

4) ശവസംസ്ക്കാരം നടത്തുന്ന ദിവസമല്ലാതെ പിന്നീടുള്ള ദിവസങ്ങളിൽ മരണാനന്തര ചടങ്ങുകൾ ശ്മശാനങ്ങളിൽ അനുവദിക്കുന്നതല്ല.

5) അനാഥ ശവങ്ങൾ സംസ്ക്കരിക്കുന്നതിന് പോലീസിന്റെ സാക്ഷ്യപത്രം/ ക്ലിയറൻസ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

6) ശ്മശാനങ്ങളിൽ സംസ്ക്കരിക്കുന്നതിന് കൊണ്ടുവരുന്ന മൃതദേഹങ്ങൾ സ്വീകരിക്കുന്നതിന് മുമ്പ് മരണപ്പെട്ട ആൾ ഉൾപ്പെട്ട റേഷൻ കാർഡിന്റെ പകർപ്പ് നിർബന്ധമായും വാങ്ങി സൂക്ഷിക്കേണ്ട ഉത്തരവാദിത്വവും നടത്തിപ്പുകാരനായിരിക്കും. മരണപ്പെട്ടയാൾക്ക് റേഷൻ കാർഡ് ഇല്ലാത്തപക്ഷം ടിയാൻ/ടിയാൾ ജീവിച്ചിരുന്ന പ്രദേശത്തെ വാർഡ് കൗൺസിലറുടെയോ, വാർഡ് മെമ്പറുടെയോ സാക്ഷ്യപത്രം (മരണപ്പെട്ട യാളുടെ പേരും, മേൽവിലാസവും വ്യക്തമാക്കുന്നത്) വാങ്ങി സൂക്ഷിക്കേണ്ട ഉത്തരവാദിത്വവും നടത്തിപ്പുകാരനിൽ നിക്ഷിപ്ത മായിരിക്കും. മരണപ്പെട്ടയാളുടെ രണ്ട് ബന്ധുക്കളുടെ സ്വയം സാക്ഷ്യ പ്പെടുത്തിയ തിരിച്ചറിയൽ രേഖകളുടെ പകർപ്പും (മരണപ്പെട്ട മൃതശരീരം സംസ്ക്കരിക്കുന്നതിനു വേണ്ടി കൊണ്ടുവന്ന വിവരം ദിവസം സഹിതം ടി പകർപ്പിൽ തിരിച്ചറിയൽ രേഖകളുടെ ഉടമകൾ രേഖപ്പെടുത്തേണ്ടതാണ്.)

നടത്തിപ്പുകാരൻ വാങ്ങിസൂക്ഷിക്കേണ്ടതാണ്. ശ്മശാന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിന് നടത്തിപ്പുകാരൻ ബാദ്ധ്യസ്ഥനായിരിക്കും ശ്മശാന ഫീസ് വാങ്ങുന്നതിന് നടത്തിപ്പുകാരൻ സ്വന്തം ചിലവിൽ, കൃത്യമായ രസീത് നൽകേണ്ടതാണ്. ടി രസീതിൽ മരണപ്പെട്ടയാളുടെ പേരും, വിലാസവും രേഖപ്പെടുത്തേണ്ടതാണ്. ടി രസീതിൽ നഗരസഭയുടെ സീൽ പതിപ്പിക്കേണ്ടതാണ്. നഗരസഭ ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിന് നടത്തിപ്പുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

**VII നടത്തിപ്പ്:-**

1) ശ്മശാനങ്ങളുടെ നടത്തിപ്പിനായി ടെണ്ടറുകൾ ക്ഷണിച്ച് കുത്തക ഏൽപിക്കാവുന്നതാണ്.

2) കുത്തകക്കാരൻ കരാറിന്റെ കാലാവധി തീരുംവരെ ശവസംസ്ക്കാരത്തിന് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുവാൻ ബാദ്ധ്യസ്ഥനായി രിക്കുന്നതാണ്.

3) ശ്മശാനങ്ങളിൽ ദഹിപ്പിക്കുന്നതിന് കൊണ്ടുപോകുന്ന മൃതശരീരങ്ങൾ യഥാവിധി വസ്ത്രങ്ങളാൽ ആവരണം ചെയ്യപ്പെട്ട് ആയിരിക്കേണ്ടതാണ്.

4) പൊതുനിരത്തിൽ കൂടി മൃതശരീരങ്ങൾ കൊണ്ടുപോകുന്നതു ഗതാഗത തടസ്സമുണ്ടാക്കാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

5) കുത്തകക്കാരൻ കുത്തകയേറ്റെടുക്കുമ്പോൾ ശ്മശാനത്തിലെ സാധന സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും, ഇന്ധനം തീരുന്ന മുറയ്ക്ക് ആയതിന്റെ ലഭ്യതയും ഉറപ്പുവരുത്തേണ്ടതാണ്. പൊതുജനങ്ങൾക്ക് പരാതിയുണ്ടാകാത്ത വിധം കുത്തകക്കാരൻ പ്രവർത്തിക്കേണ്ടതാണ്. പരാതികൾ ഉണ്ടാകുന്നപക്ഷം അവ പരിശോധിച്ച് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ 15 ദിവസത്തെ നോട്ടീസ് നൽകി നഗരസഭാ സെക്രട്ടറിയ്ക്ക് ഏറ്റെടുത്ത് മറ്റ് ക്രമീകരണങ്ങൾ നടത്താവുന്നതാണ്.

6) ശ്മശാനങ്ങളുടെ പ്രവർത്തന മേൽനോട്ടത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ മറ്റു വിവരങ്ങൾ എന്നിവ അനുബന്ധം ആയി ചേർത്തിട്ടുള്ള താണ്. ടി ഉദ്യോഗസ്ഥർ ശ്മശാനത്തിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതും, ആയതു സംബന്ധിച്ച നിർദ്ദേശങ്ങൾ കരാറുകാരൻ പാലിക്കേണ്ടതുമാണ്.

7) കുത്തകക്കാരൻ ശ്മശാനത്തിന്റെ അകവും, പുറവും പരിസരവും വളരെ വൃത്തിയായും, ഭംഗിയായും സൂക്ഷിക്കേണ്ടതാണ്.

8) ശ്മശാനത്തിന്റെ ദൈനംദിനസംരക്ഷണവും, കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകളും കുത്തകക്കാരനിൽ നക്ഷിപ്തമായിരിക്കും.

9) അനാഥശവങ്ങൾ സംസ്ക്കരിക്കുന്നതിന് പോലീസിന്റെ സാക്ഷ്യപത്രം/ ക്ലിയറൻസ് ഹാജരാക്കേണ്ടതാണ്. സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് (BPL വിഭാഗത്തിൽപ്പെട്ടവർക്കും അർഹതയുള്ളവർക്കും) ഫീസിൽ ആവശ്യമായ ഇളവ് അനുവദിക്കുന്നതിന് നഗരസഭാ മേയർക്കോ, ഡെപ്യൂട്ടി മേയർക്കോ അധികാരമുണ്ടായിരിക്കുന്നതാണ്.

10) സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് ഫീസ് ഇളവ് ലഭ്യമാക്കുന്നതിന് മേയർ/ഡെപ്യൂട്ടി മേയർ/ഡിവിഷൻ കൗൺസിലർ/സെക്രട്ടറിയുടെ കത്ത് ഹാജരാക്കേ ണ്ടതാണ്.

11) പ്രവർത്തന സമയത്ത് ആചാര പ്രകാരമുള്ള ശവസംസ്ക്കാര ചടങ്ങുകൾ ശ്മശാനത്തിൽ പൂർത്തിയാക്കുവാൻ ഒരു മണിക്കൂറിലധികം സമയം അനുവദിക്കുന്നതല്ല.

12) ഈ നിയമാവലി കുത്തകക്കാരനും, നഗരസഭയും തമ്മിൽ വയ്ക്കുന്ന ഉടമ്പടിയുടെ ഭാഗമായിരിക്കും.

**VII. ശിക്ഷ:-** ഈ നിയമാവലിയിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 570-ാം വകുപ്പിൻ പ്രകാരമുള്ള പിഴ ശിക്ഷയ്ക്ക് വിധേയരാകുന്നതാണ്.

**IX. നിയന്ത്രണം:-** ശ്മശാനങ്ങളുടെ പ്രവർത്തനങ്ങൾ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 485 മുതൽ 489 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾക്കും 491-ാം വകുപ്പിനും വിധേയമായിരിക്കുന്നതാണ്.

**X. വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള അധികാരം:-** ഈ നിയമാവലിയിൽ പ്രത്യേകം പറഞ്ഞിട്ടില്ലെങ്കിലും ശ്മശാനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഉപകരിക്കുന്ന മറ്റ് ഉചിതമായ തീരുമാനങ്ങൾ എടുക്കുവാൻ നഗരസഭ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

**XI. നടത്തിപ്പ് മോണിട്ടറിംഗ്:-** പ്രാദേശിക കൗൺസിലർമാർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരടങ്ങിയ മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ ശ്മശാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും, ടി കമ്മിറ്റി ചുരുങ്ങിയത് 3 മാസത്തിലൊരിക്കൽ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് യോഗം ചേരേണ്ടതുമാണ്.

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | ശ്മശാനം | സ്ഥിതി ചെയ്യുന്ന സ്ഥലം | പ്രവർത്തന രീതി | ചുമതല |
|---|---|---|---|---|
| 1. | ഇടപ്പള്ളി | ചങ്ങമ്പുഴ ക്രോസ് റോഡ് ഇടപ്പള്ളി | പരമ്പരാഗത രീതിയിൽ വിറക്, ചിരട്ട, തൊണ്ട് ഉപയോഗിച്ച്, ഗ്യാസ് | ഹെൽത്ത് ഇൻസ്പെക്ടർ സർക്കിൾ -15 |

| | | | | |
|---|---|---|---|---|
| | | | ഉപയോഗിച്ച് | |
| 2. | പച്ചാളം | പൊറ്റക്കുഴി റോഡ് പച്ചാളം | പരമ്പരാഗത രീതിയിൽ വിറക് ചിരട്ട, തൊണ്ട് ഉപയോഗിച്ച്, ഗ്യാസ് ഉപയോഗിച്ച് | ഹെൽത്ത് ഇൻസ്പെക്ടർ സർക്കിൾ –20 |
| 3. | രവിപുരം | രവിപുരം | പരമ്പരാഗത രീതിയിൽ വിറക്, ചിരട്ട, തൊണ്ട് ഉപയോഗിച്ച്, ഗ്യാസ് ഉപയോഗിച്ച് | ഹെൽത്ത് ഇൻസ്പെക്ടർ സർക്കിൾ –12 |
| 4. | പുല്ലേപ്പടി | പുല്ലേപ്പടി | പരമ്പരാഗത രീതിയിൽ വിറക്, ചിരട്ട, തൊണ്ട് എന്നിവ ഉപയോഗിച്ച്. | ഹെൽത്ത് ഇൻസ്പെക്ടർ സർക്കിൾ –12 |
| 5. | പള്ളുരുത്തി | വാട്ടർലാന്റ് റോഡ്, തറേഭാഗം, പള്ളുരുത്തി | പരമ്പരാഗത രീതിയിൽ വിറക് ചിരട്ട, തൊണ്ട് ഉപയോഗിച്ച്, ഗ്യാസ് ഉപയോഗിച്ച് | ഹെൽത്ത് ഇൻസ്പെക്ടർ സർക്കിൾ –08 |
| 6. | ഫോർട്ടു കൊച്ചി വെളി | ഫോർട്ടു കൊച്ചി വെളി | പരമ്പരാഗത രീതിയിൽ വിറക്, ചിരട്ട, തൊണ്ട് എന്നിവ ഉപയോഗിച്ച്. | ഹെൽത്ത് ഇൻസ്പെക്ടർ സർക്കിൾ –05 |
| 7. | കൂവപ്പാടം | കൂവപ്പാടം | പരമ്പരാഗത രീതിയിൽ വിറക്, ചിരട്ട, തൊണ്ട് എന്നിവ ഉപയോഗിച്ച്. | ഹെൽത്ത് ഇൻസ്പെക്ടർ സർക്കിൾ –06 |
| 8. | വാത്തുരുത്തി | വാത്തുരുത്തി വില്ലിംഗ്ടൺ ഐലന്റ് | പരമ്പരാഗത രീതിയിൽ വിറക്, ചിരട്ട, തൊണ്ട് എന്നിവ ഉപയോഗിച്ച്. | ഹെൽത്ത് ഇൻസ്പെക്ടർ സർക്കിൾ –11 |
| 9. | ഇടക്കൊച്ചി | ഇടക്കൊച്ചി ശ്രീകൃഷ്ണ ടെമ്പിൾ റോഡ് | പരമ്പരാഗത രീതിയിൽ വിറക് ചിരട്ട, തൊണ്ട് ഉപയോഗിച്ച്, ഗ്യാസ് ഉപയോഗിച്ച് | ഹെൽത്ത് ഇൻസ്പെക്ടർ സർക്കിൾ –10 |

തീരുമാനം നടപ്പിലാക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

**സെക്രട്ടറി**
**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

A.S.06.12.2018